ഐ. എ. എസ്. ഉദ്യോഗസ്ഥനെ മർദ്ദിച്ചതായി പരാതി

1240 [1982] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികാസ്ഭവനിൽവച്ച് ഈയിടെ സംസ്ഥാനത്തിലെ ഒരു സീനിയർ ഐ. എ. എസ്. ഉദ്യോഗസ്ഥനെ ചില ജീവനക്കാർ ചേർന്ന് മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) മർദ്ദനമേറ്റ പ്രസ്തുത ഓഫീസർ ആരാണ്;

മർദ്ദിച്ച ജീവനക്കാരുടെ പേരിൽ വല്ല നടപടിയും സ്വീകരിച്ചോ: എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) മർദ്ദനം നടത്തിയതായി ആരോപിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടികളും സ്വീകരിക്കരുതെന്നു ഏതെങ്കിലും സംഘടന നിവേദനം നടത്തിയിട്ടുണ്ടോ ; ആ സംഘടനകൾ ഏതൊക്കെയാണ്;

(ഡി) ഇത്തരം ഗുണ്ടായിസത്തിൽ നിന്നും സംസ്ഥാന ജീവനക്കാരെ സംരക്ഷിക്കാൻ സർക്കാർ വേണ്ട നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണ പരിഷ്ക്കാരവകുപ്പിൽ സ്പെഷ്യൽ സെക്രട്ടറി ശ്രീ. കെ. രാമുണ്ണിമേനോൻ.

ഇതുസംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് കൂടുതൽ അന്വേഷണം നടത്തിവരുന്നു. അഞ്ചു ജീവനക്കാരെ അറസ്റ്റു ചെയ്യുകയും പിന്നീട് ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. ഇവരിൽ നാലു ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെൻറു ചെയ്തിരിക്കുകയാണ്.

(സി) നടപടികൾ പിൻവലിക്കണമെന്നു കാണിച്ച് കേരളാ സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷനിൽ നിന്നു ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) നിയമാനുസൃതം ആവശ്യമെന്നു തോന്നുന്ന ഏതു നടപടിയും യഥാവസരം കൈക്കൊള്ളുന്നതാണ്.

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഭവന നിർമ്മാണത്തിനു സഹകരണ സംഘം

1241 [1985] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റു ജീവനക്കാർക്ക് ഭവന നിർമ്മാണപദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന് വേണ്ടി ഗവൺമെൻറ് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്; ഉത്തരവിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly